തൊഴിലില്ലായ്മ കാരണം ചില ട്രെയിനിംഗ് സെന്ററുകൾ താൽക്കാലികമായി നിറുത്തി വച്ചിരുന്നു. ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ ജോലിസാദ്ധ്യതക്കുറവ് കണക്കിലെടുത്ത് ചില സ്കൂളുകൾ മാത്രം തുടർന്ന് നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ബാക്കി സ്കൂളുകൾ പുന:സ്ഥാപിക്കുന്ന കാലയളവിൽ മറ്റ് ആവശ്യങ്ങൾക്ക് താൽക്കാലികമായി പുനർ വിനിയോഗം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. മലപ്പുറത്തെ വളവന്നൂരിലെ സ്കൂളും പുനർവിനിയോഗം നടത്തുന്ന കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസ്

172 (3101)ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിന് സ്വന്തമായി കെട്ടിടം ഉണ്ടോ;

(ബി) ഇല്ലെങ്കിൽ കെട്ടിടം പണിയാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിന്റെ പണി തുടങ്ങിയോ; എന്നത്തേയ്ക്ക് പണി പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) പണി തുടങ്ങിയില്ലെങ്കിൽ അടിയന്തിരമായി തുടങ്ങാൻ വേണ്ട നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) & (ഡി) പണി തുടങ്ങിയിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ആർ.സി.സി.യിലെ പെൻഷൻ പ്രായം കഴിഞ്ഞ ജീവനക്കാർ

173 (3102)ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുള്ള റീജിയണൽ ക്യാൻസർ സെന്ററിൽ ജീവനക്കാർക്ക് നിശ്ചയിച്ചിരിക്കുന്ന പെൻഷൻ പ്രായം എത്രയാണ്;

(ബി) നിലവിൽ ഈ പ്രായപരിധി കഴിഞ്ഞ എത്രപേർ ഇവിടെ തുടരുന്നുണ്ട് എന്ന് തരംതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) റീജിയണൽ ക്യാൻസർ സെന്ററിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 വയസ്സും ഡയറക്ടറുടേത് 60 വയസ്സും ആണ്.

(ബി) പ്രായപരിധി കഴിഞ്ഞ 9 പേർ ഇവിടെ കോൺട്രാക്ട് വ്യവസ്ഥയിൽ തുടരുന്നുണ്ട്.

1. അഡിഷണൽ ഡയറക്ടർ

LIBRARY ARCHIVES Kerala Legislative Assembly